# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 01.04.2026**

## പ്രധാനവാർത്തകൾ

1. പാർലമെന്റിന്റെ ഇരുസഭകളിലും നടപടികൾ പുരോഗമിക്കുന്നു. കേന്ദ്ര സായുധ പോലീസ് സേന പൊതു ഭരണ ബിൽ രാജ്യസഭ പാസ്സാക്കി.

2. സ്വതന്ത്രവും നീതിയുക്തവുമായ തിരഞ്ഞെടുപ്പ് ഉറപ്പാക്കണമെന്ന് നിരീക്ഷകർക്ക് നിർദ്ദേശം നൽകി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ.

3. സംസ്ഥാനത്ത് ചൂടേറിയ തിരഞ്ഞെടുപ്പ് പ്രചാരണവുമായി മുന്നണികൾ. കേന്ദ്രമന്ത്രിയും ബിജെപി മുതിർന്ന നേതാവുമായ രാജ് നാഥ് സിങ് , സി.പി.ഐ അഖിലേന്ത്യ സെക്രട്ടറി ഡി. രാജ, തെലങ്കാന മുഖ്യമന്ത്രിയും കോൺഗ്രസ് നേതാവുമായ രേവന്ത് റെഡ്ഡി തുടങ്ങിയ പ്രമുഖർ രംഗത്ത്.

4. രാജ്യത്ത് ഇന്ധനക്ഷാമം ഒഴിവാക്കാൻ റിഫൈനറികൾ പൂർണ്ണ ശേഷിയിൽ പ്രവർത്തിക്കുകയാണെന്ന് പെട്രോളിയം-പ്രകൃതിവാതക മന്ത്രാലയം.

5. സംസ്ഥാനത്ത് വേനൽ ചൂട് കടുക്കുന്നതിനാൽ ജാഗ്രത പാലിക്കണമെന്ന് ദുരന്ത നിവാരണ അതോറിറ്റി ; ഒറ്റപ്പെട്ടയിടങ്ങളിൽ ഇന്നും നാളെയും ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യത.

RNU TVPM

6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ലഖ്നൗ സൂപ്പർ ജയന്റ്സ് - ഡൽഹി ക്യാപിറ്റൽസ് പോരാട്ടം.

❁❁❁❁❁❁❁❁❁❁❁❁❁

**പാർലമെന്റ്**

പാർലമെന്റിന്റെ ഇരുസഭകളിലും നടപടികൾ പുരോഗമിക്കുന്നു. വിദേശ സംഭാവന (നിയന്ത്രണ) ഭേദഗതി ബിൽ 2026 നെച്ചൊല്ലിയുള്ള പ്രതിപക്ഷ ബഹളത്തെ തുടർന്ന് ലോക്സഭ ഉച്ചയ്ക്ക് 12 മണി വരെ നിർത്തിവച്ചിരുന്നു. ആന്ധ്രാപ്രദേശ് പുനഃസംഘടനാ (ഭേദഗതി) ബിൽ 2026, ലോക്സഭ ഇന്ന് പാസാക്കി. കേന്ദ്ര സായുധ പോലീസ് സേന പൊതു ഭരണ ബിൽ രാജ്യസഭ പാസ്സാക്കി. ഇൻസോൾവൻസി & ബാങ്ക്റപ്റ്റസി കോഡ് (ഭേദഗതി) ബില്ലും രാജ്യസഭ പാസാക്കി.

❁❁❁❁❁❁❁❁❁❁❁❁❁

**തിരഞ്ഞെടുപ്പ് നിരീക്ഷകർ**

സ്വതന്ത്രവും നീതിയുക്തവുമായ തിരഞ്ഞെടുപ്പ് ഉറപ്പാക്കണമെന്ന് നിരീക്ഷകർക്ക് നിർദ്ദേശം നൽകി തിരഞ്ഞെടുപ്പ് കമ്മീഷൻ. മാതൃകാ പെരുമാറ്റച്ചട്ടം കർശനമായി നടപ്പിലാക്കണമെന്നും നിയമലംഘന പരാതികളിൽ ഉടനടി നടപടിയെടുക്കണമെന്നും കമ്മീഷൻ നിർദേശിച്ചു. മൊബൈൽ ഫോൺ ഡെപ്പോസിറ്റ് സൗകര്യം, വോട്ടർമാർക്ക് ഇരിക്കാനുള്ള ബെഞ്ചുകൾ എന്നിവയുൾപ്പെടെ എല്ലാ പോളിംഗ് സ്റ്റേഷനുകളിലും അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത ഉറപ്പാക്കണമെന്നും കമ്മീഷൻ നിർദേശിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

RNU TVPM

## കേരളത്തിൽ തിരഞ്ഞെടുപ്പ്

സംസ്ഥാനത്ത് വോട്ടെടുപ്പിന് എട്ടു ദിവസം ബാക്കി നിൽക്കെ ചൂടേറിയ തിരഞ്ഞെടുപ്പ് പ്രചാരണവുമായി മുന്നണികൾ. പ്രധാനമന്ത്രിയും ബിജെപി മുതിർന്ന നേതാവുമായ നരേന്ദ്രമോദി ശനിയാഴ്ച തിരുവനന്തപുരത്തും തിരുവല്ലയിലും എത്തും. NDA യ്ക്കുവേണ്ടി കേന്ദ്രമന്ത്രിയും ബിജെപി മുതിർന്ന നേതാവുമായ രാജ് നാഥ് സിങ് ഇന്ന് പറവൂരിൽ പൊതുയോഗത്തെ അഭിസംബോധന ചെയ്യു. എൽഡിഎഫിൻറെ പ്രചാരണാർത്ഥം സി.പി.ഐ അഖിലേന്ത്യ സെക്രട്ടറി ഡി. രാജാ ഇടുക്കി പൂപ്പാറയിൽ തിരഞ്ഞെടുപ്പ് പൊതുയോഗത്തിൽ പങ്കെടുത്തു. മുഖ്യമന്ത്രിയും സിപിഐഎം മുതിർന്ന നേതാവുമായ പിണറായി വിജയൻ ഇന്ന് ആലപ്പുഴയിൽ തിരഞ്ഞെടുപ്പ് യോഗങ്ങളിൽ സംസാരിച്ചു. UDF സ്ഥാനാർത്ഥികളുടെ പ്രചരണാർത്ഥം കോൺഗ്രസ് നേതാവ് പ്രിയങ്ക ഗാന്ധി നാളെ തിരുവനന്തപുരത്തും കൊല്ലത്തുമെത്തും. തെലങ്കാന മുഖ്യമന്ത്രിയും കോൺഗ്രസ് നേതാവുമായ രേവന്ത് റെഡ്ഡി തിരുവനന്തപുരത്ത് വിവിധ പ്രചാരണ പരിപാടികളിൽ പങ്കെടുത്തു.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## തിരഞ്ഞെടുപ്പ്-തൃശ്ശൂർ (ഇൻട്രോ)

തൃശ്ശൂരിന്റെ മണ്ണിൽ ശക്തമായ ത്രികോണ മത്സരത്തിന്റെ സൂചന നൽകിയാണ് സ്ഥാനാർത്ഥികൾ പ്രചാരണത്തിനിറങ്ങുന്നത്. സംസ്ഥാന ദേശീയ നേതാക്കളെ എത്തിച്ച് വിജയം ഉറപ്പിക്കാനുള്ള തിരക്കിലാണ് മുന്നണികൾ.

**വിശദാംശങ്ങളുമായി ആകാശവാണി തൃശ്ശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്........**

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

## ഇടുക്കി തിരഞ്ഞെടുപ്പ്

നിയമസഭാ തിരഞ്ഞെടുപ്പിന് ദിവസങ്ങൾ ശേഷിക്കെ, ഇടുക്കി ജില്ലയിൽ പ്രചാരണം ശക്തമാക്കി മൂന്ന് മുന്നണികളും. ഇടുക്കി വട്ടവടയിൽ സംഘടിപ്പിച്ച തിരഞ്ഞെടുപ്പ് യോഗത്തിൽ ഇന്ന് കേന്ദ്ര സഹമന്ത്രിയും ബിജെപി നേതാവുമായ എൽ മുരുഗൻ പങ്കെടുത്തു. കഴിഞ്ഞ ദിവസങ്ങളിൽ LDF നായി എം.വി. ഗോവിന്ദൻ, UDF നായി ശശി തരൂർ എന്നിവരും പ്രചാരണത്തിന് നേതൃത്വം നൽകി.

❁❁❁❁❁❁❁❁❁❁❁❁❁

## ബാലറ്റ് പേപ്പറിൽ പേര് മാറ്റം

ബാലറ്റ് പേപ്പറിൽ പേര് മാറ്റണമെന്ന തൃപ്പൂണിത്തുറ എൻ.ഡി.എ സ്ഥാനാർത്ഥി അഞ്ജലി നായരുടെ ഹർജിയിൽ തീരുമാനമെടുക്കാൻ തിരഞ്ഞെടുപ്പ് കമ്മീഷനോട് നിർദേശിച്ച് ഹൈക്കോടതി. പി.വി അഞ്ജലി എന്ന ഔദ്യോഗിക നാമം വോട്ടർമാർക്ക് പരിചിതമല്ലെന്നും താൻ അറിയപ്പെടുന്നത് അഞ്ജലി നായർ എന്ന പേരിലാണെന്നും സ്ഥാനാർത്ഥി ഹർജിയിൽ പറയുന്നു.

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁

## അവധി

വോട്ടെടുപ്പു ദിവസമായ ഏപ്രിൽ 9 ന് വേതനത്തോടു കൂടിയ അവധി നൽകണമെന്ന് സംസ്ഥാന ലേബർ കമ്മിഷണർ സഫ്ന നസറുദീൻ ഉത്തരവിട്ടു. സംസ്ഥാനത്തെ മുഴുവൻ സ്വകാര്യ സ്ഥാപനങ്ങൾ, വ്യവസായ കേന്ദ്രങ്ങൾ, ഷോപ്പ് ആൻ്റ് കൊമേഷ്യൽ എസ്റ്റാബ്ലിഷ്മെൻ്റ് ആക്ടിൻ്റെ പരിധിയിൽ വരുന്ന സ്വകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാർക്കും തൊഴിലാളികൾക്കും ഇത് ബാധകമാണ് . അവധിയുടെ

പശ്ചാത്തലത്തിൽ വേതനം വെട്ടിക്കുറക്കരുതെന്നും ഉത്തരവിൽ പറയുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

## ഡ്രോൺ നിരീക്ഷണം - കണ്ണൂർ

നിയമസഭാ തിരഞ്ഞെടുപ്പ് സുരക്ഷയുടെ ഭാഗമായി കണ്ണൂർ ജില്ലയിൽ പോലീസിൻറെ ഡ്രോൺ നിരീക്ഷണം ആരംഭിച്ചു. സിറ്റി പോലീസ് കമ്മീഷണർ നിതിൻരാജ് ഉദ്ഘാടനം ചെയ്തു.

❁❁❁❁❁❁❁❁❁❁❁❁❁

## നിരോധിത പ്രിന്റിങ് സാമഗ്രികൾ

തിരഞ്ഞെടുപ്പിന്റെ ഭാഗമായി കോഴിക്കോട് നടത്തിയ പരിശോധനയിൽ 1,100 മീറ്റർ നിരോധിത പ്രിന്റിങ് സാമഗ്രികൾ പിടിച്ചെടുത്തു. പോളി എത്തിലിൻ, 100 ശതമാനം കോട്ടൺ തുണി എന്നിവ മാത്രമേ പ്രിന്റിങ്ങിന് ഉപയോഗിക്കാവൂ എന്ന് തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചു. വരും ദിവസങ്ങളിലും പരിശോധനകൾ ഊർജിതമാക്കും.

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁

## അന്തർ മന്ത്രാലയ യോഗം ( ഇൻട്രോ )

പശ്ചിമേഷ്യൻ സംഘർഷ സാഹചര്യത്തിൽ രാജ്യത്ത് കാർഷിക വിത്തുകൾക്കും ഇന്ധനത്തിനും ക്ഷാമമുണ്ടാകില്ലെന്ന് കേന്ദ്ര സർക്കാർ. അടുത്ത രണ്ട് മാസത്തേക്ക് ആവശ്യമായ അസംസ്കൃത എണ്ണയുടെ ശേഖരം രാജ്യത്തുണ്ടെന്ന് പെട്രോളിയം-പ്രകൃതിവാതക മന്ത്രാലയം ജോയിന്റ് സെക്രട്ടറി സുജാത ശർമ്മ അറിയിച്ചു. ന്യൂഡൽഹിയിൽ അന്തർ മന്ത്രാലയ യോഗത്തിനു ശേഷം വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അവർ. ഇന്ധനക്ഷാമം ഒഴിവാക്കാൻ റിഫൈനറികൾ പൂർണ്ണ

ശേഷിയിൽ പ്രവർത്തിക്കുകയാണെന്നും റീട്ടെയിൽ ഔട്ട്ലെറ്റുകളിൽ തടസ്സമില്ലാതെ ഇന്ധനം ലഭ്യമാക്കുമെന്നും ശ്രീമതി സുജാത ശർമ്മ പറഞ്ഞു. ടെഹ്റാനിലെ ഇന്ത്യൻ എംബസിയുടെ പിന്തുണയോടെ ഇതുവരെ 1,171 ഇന്ത്യക്കാരെ സുരക്ഷിതമായി ഇറാൻ അതിർത്തി കടക്കാൻ സഹായിച്ചതായി വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ വ്യക്തമാക്കി.
( വോയിസ്....)

❁❁❁❁❁❁❁❁❁❁❁❁❁

<u>പശ്ചിമേഷ്യ</u>

പശ്ചിമേഷ്യയിൽ സംഘർഷം രൂക്ഷമായി തുടരുന്നു. കുവൈറ്റ് , ബഹ്റൈൻ , സൗദി അറേബ്യ എന്നിവിടങ്ങളിൽ ഇറാൻ ഡ്രോൺ ആക്രമണമുണ്ടായി. ആക്രമണങ്ങളുടെ പശ്ചാത്തലത്തിൽ ഗൾഫ് രാജ്യങ്ങൾ അതീവ ജാഗ്രതയിലാണ്. അതിനിടെ ഇസ്രായേലിന് നേരെ യമനിലെ ഹൂതി വിമതർ മിസൈൽ ആക്രമണം നടത്തി..

❁❁❁❁❁❁❁❁❁❁❁❁❁

RNU TVPM

<u>ഹോർമുസ് കടലിടുക്ക്</u>

പശ്ചിമേഷ്യൻ സംഘർഷം ആഗോള സമ്പദ്‌വ്യവസ്ഥയെ ബാധിക്കുമെന്ന് മുന്നറിയിപ്പ് നൽകി ബ്രിട്ടീഷ്- ഓസ്ട്രേലിയൻ പ്രധാനമന്ത്രിമാർ. സംഘർഷം ലഘൂകരിക്കാനും ഹോർമുസ് കടലിടുക്ക് വഴി ചരക്കുനീക്കം പുനരാരംഭിക്കാനുമാണ് ബ്രിട്ടൻ മുൻഗണന നൽകുന്നതെന്ന് പ്രധാനമന്ത്രി കിയർ സ്റ്റാർമർ പറഞ്ഞു. ഓസ്ട്രേലിയയിലെ ഇന്ധന സുരക്ഷ ഉറപ്പാക്കാൻ മൂന്ന് മാസത്തേക്ക് ഇന്ധന നികുതി പകുതിയായി കുറച്ചതായി പ്രധാനമന്ത്രി ആന്റണി ആൽബനീസ് പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## പെസഹ വ്യാഴം

യേശുക്രിസ്തുവിന്റെ അന്ത്യ അത്താഴ സ്മരണ പുതുക്കി നാളെ പെസഹാ വ്യാഴം. ക്രൈസ്തവ ദേവാലയങ്ങളിൽ നാളെ പ്രത്യേക പ്രാർത്ഥനകൾ നടക്കും. വീടുകളിൽ വൈകുന്നേരം അപ്പം മുറിക്കൽ ചടങ്ങുകളുമുണ്ടാകും. ദുഃഖ വെള്ളി ദിനമായ മറ്റന്നാൾ കുരിശു മരണത്തിൻറെ സ്മരണയിൽ ദേവാലയങ്ങളിൽ കുരിശിൻറെ വഴിയും പ്രത്യേക പ്രാർഥനകളും നടക്കും. ഉയർത്തെഴുന്നേൽപ്പ് അനുസ്മരിച്ചുകൊണ്ട് ലോകമെമ്പാടുമുള്ള വിശ്വാസികൾ ഞായറാഴ്ച ഈസ്റ്റർ ആഘോഷിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ലഖ്നൗ സൂപ്പർ ജയൻ്റ്സ് - ഡൽഹി ക്യാപിറ്റൽസിനെ നേരിടും. രാത്രി 7:30 ന് ലഖ്നൗവിലാണ് മത്സരം.

❁❁❁❁❁❁❁❁❁❁❁❁❁

RNU TVPM

## താപനില

സംസ്ഥാനത്ത് താപനില ഉയരുന്നു. ഇടുക്കിയും വയനാടും ഒഴികെയുള്ള ജില്ലകളിൽ ഇന്നും നാളെയും താപനില സാധാരണയെക്കാൾ 2 മുതൽ 3 ഡിഗ്രി സെൽഷ്യസ് വരെ കൂടാൻ സാധ്യതയുള്ളതിനാൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് മഞ്ഞ ജാഗ്രത നൽകി. വേനൽ ചൂട് കടുക്കുന്നതിനാൽ തിരഞ്ഞെടുപ്പ് പ്രചാരണത്തിൽ ഏർപ്പെടുന്ന പൊതുപ്രവർത്തകരും ഉദ്യോഗസ്ഥരും പ്രത്യേക ജാഗ്രത പാലിക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിർദേശിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## മഴ മുന്നറിയിപ്പ്

സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ ഇന്നും നാളെയും ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇടിമിന്നലിൻറെ ആദ്യ ലക്ഷണം കണ്ടുകഴിഞ്ഞാൽ ഉടൻ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറണമെന്ന് കാലാവസ്ഥ വകുപ്പ് ജാഗ്രത നിർദേശം നൽകി. ഇടിമിന്നലുള്ള സമയത്ത് കുട്ടികൾ തുറസായ ഇടങ്ങളിൽ കളിക്കുന്നത് ഒഴിവാക്കണമെന്നും മുന്നറിയിപ്പുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

## കുട്ടനാട്ടിൽ വേനൽ മഴ (ഇൻട്രോ)

കുട്ടനാട്ടിൽ വേനൽ മഴ തുടരുന്നു. ചൂടിന് ആശ്വാസമായെങ്കിലും നെല്ല് സംഭരണത്തിൽ ബുദ്ധിമുട്ട് നേരിട്ട ആശങ്കയിലാണ് കർഷകർ.

**വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി രവികുമാർ........**

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

## ശബരിമല

പൈങ്കുനി ഉത്രം ഉത്സവത്തിനു സമാപനം കുറിച്ച് ശബരിമല ക്ഷേത്രനട ഇന്ന് അടയ്ക്കും. പത്താം ഉത്സവമായ ഇന്ന് പമ്പയിൽ ആറാട്ട് നടന്നു. ഉത്സവ പൂജകൾ പൂർത്തിയാക്കി രാത്രി 10 ന് നടയടയ്ക്കും. തുടർന്ന് വിഷു മേടമാസ പൂജയ്ക്കായി ഈ മാസം 10ന് ക്ഷേത്രനട വീണ്ടും തുറക്കും.

❁❁❁❁❁❁❁❁❁❁❁❁❁

RNU TVPM

## ശ്രീപത്മനാഭ സ്വാമി ക്ഷേത്രം

തിരുവനന്തപുരം ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിലെ പൈങ്കുനി ഉത്സവത്തോടനുബന്ധിച്ചുള്ള പള്ളിവേട്ട ഇന്ന് നടക്കും. നാളെ ആറാട്ട് ചടങ്ങുകൾ ആരംഭിക്കും. ആറാട്ട് ഘോഷയാത്രയുടെ ഭാഗമായി തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളത്തിലെ റൺവേ നാളെ വൈകുന്നേരം 4.45 മുതൽ രാത്രി ഒൻപത് വരെ അടച്ചിടും.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸

RNU TVPM